**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **13-02-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിട ചോർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ മകുടത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് “Super ThermoLay App modified Waterproofing Membrane” ഉപയോഗിച്ച് കെട്ടിടത്തിന്റെ മകുടം പൂർണ്ണമായി പൊതിയുക എന്ന നിർദ്ദേശം പദ്ധതിയുടെ നിർമ്മാണ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുന്നോട്ട് വയ്ക്കുകയും ടി പ്രൊപ്പോസൽ മ്യൂസിയത്തിന്റെ സാങ്കേതിക സമിതി ചുവടെ ചേർത്തിട്ടുള്ള ഉപാധികളോടെ അംഗീകരിക്കുകയും ചെയ്തു.<br><br>1) “Super ThermoLay App modified Waterproofing Membrane” രീതി ഉപയോഗിക്കുമ്പോൾ ഉൽപാദകരുടെ മെത്തഡോളജി തന്നെ പ്രയോഗിക്കേണ്ടതാണ്.<br><br>2) “Super ThermoLay App modified Waterproofing Membrane” രീതി ഉപയോഗിച്ചു ചെയ്യുന്ന ചോർച്ച പരിഹാര രീതിക്ക് ഉറപ്പു നൽകുന്ന ആറ് വർഷത്തെ വാറണ്ടി ഉൽപാദകരിൽനിന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് വാങ്ങി endorse ചെയ്ത് നൽകേണ്ടതാണ്.<br><br>3) ഉൽപാദകർ “Super ThermoLay App modified Waterproofing Membrane”-ന് ആറ് വർഷത്തെ വാറണ്ടി മാത്രമേ വാഗ്ദാനം ചെയ്യുന്നുള്ളു എന്നതിനാലും പ്ലാനറ്റേറിയം കെട്ടിടം വളരെ വിലപിടിച്ചതും അത്യാധുനികവുമായ പ്രൊജക്ഷൻ സിസ്റ്റം ഘടിപ്പിച്ച് നിർമ്മിക്കുന്നതായതിനാലും ഭാവിയിൽ പ്ലാനറ്റേറിയം കെട്ടിടത്തിനു മുകളിൽ സ്ഥിരമായ ബാഹ്യ മേൽക്കൂര നിർമ്മിക്കുന്നതും ഉചിതമാണ്. |

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞ ഉപാധികളോടൊപ്പം താഴെപ്പറയുന്ന ഉപാധികൾ കൂടി ഉൾപ്പെടുത്തി ചീഫ് ടെക്നിക്കൽ എക്സാമിനർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ചു.<br><br>1) പ്ലാനറ്റേറിയം കെട്ടിടത്തിനു മുകളിൽ ചെലവുകുറഞ്ഞതും സൗന്ദര്യാത്മകവുമായ സ്ഥിരമായ ബാഹ്യ മേൽക്കൂര നൽകുന്നതാണ് നല്ലത്.<br><br>2) ഉൽപാദകർ വാഗ്ദാനം ചെയ്യ 6 വർഷത്തെ വാറണ്ടി കാലാവധി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെകൊണ്ട് അംഗീകരിച്ച് വാങ്ങേണ്ടതാണ്.<br><br>നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, “Super ThermoLay App modified Water proofing Membrane” ഉപയോഗിച്ച് കെട്ടിടത്തിന്റെ മകുടം പൂർണ്ണമായി പൊതിയുന്ന ജോലി പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണ കരാറിന്റെ ഭാഗമായി ഏറ്റെടുക്കാൻ കഴിയില്ലെന്നും പ്രത്യേക വർക്ക് ഓർഡർ നൽകിയാൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂവെന്നും അറിയിക്കുകയും തുടർന്ന് ബന്ധപ്പെട്ടവരുമായി യോഗം ചേരുകയും യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിനായുള്ള നിർദ്ദേശങ്ങൾ മ്യൂസിയം ഡയറക്ടർ സമർപ്പിക്കുകയും ചെയ്തു . പ്രസ്തുത നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ചശേഷം ഉപകരണങ്ങൾ സ്ഥാപിച്ച് പ്ലാനറ്റേറിയം പ്രവർത്തനസജ്ജമാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനാണ് പദ്ധതിയിട്ടുന്നത്. |
| (ബി) | ചോർച്ച പരിഹരിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുന്നോട്ടു വച്ച നിർദ്ദേശവും ഇതിന്മേലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ വിദഗ്ദാഭിപ്രായവും വിശദമാക്കാമോ; | (ബി) | പിരിവ് എ-യിൽ നൽകിയിരിക്കുന്നു. |
| (സി) | ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പിരിവ് എ-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ